ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ദരിദ്രർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നീ നാലു തൂണുകളാണ് വികസിത ഭാരത ത്തിന്റെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ന് പശ്ചിമ ബംഗാളിലും ബിഹാറിലും വിവിധ വികസന പ ദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

**Poor, Farmers, Women, and Youth Are the Pillars of a Developed India, says PM Narendra Modi. PM to Launch Development Projects in West Bengal and Bihar Today.**

2. രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിൽ നടക്കുന്ന സാഹിത്യ സമ്മേളനം ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെ യ്യും.

**President Droupadi Murmu to Inaugurate Literary Conference at Rashtrapati Bhavan Cultural Centre Today.**

3. കേരളത്തിൽ ശക്തമായ കാറ്റും മഴയും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ്. ഇന്ന് മൂന്ന് ജില്ലകളിൽ ചുവപ്പ് ജാഗ്രത; നദികൾ കരകവിയു ന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം.

**Heavy Rain and Strong Winds to Continue in Kerala, Red Alert in Three Districts Today: IMD Urges Caution as Rivers Overflow.**

4. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്.

**Heavy Rain Likely in Northeastern States, Karnataka, and Tamil Nadu: Weather Alert Issued.**

5. ചൈനീസ് വിദ്യാർത്ഥികളുടെ വിസ റദ്ദാക്കുമെന്നും വിസ മാനദണ്ഡങ്ങൾ പരിഷ്കരിക്കുമെന്നും പ്രഖ്യാപിച്ച് യു.എസ് ഭരണകൂടം.

**U.S. Government Announces Cancellation of Chinese Student Visas and Plans to Revise Visa Policies.**

6. ഐ.പി.എൽ ക്രിക്കറ്റ് ഒന്നാം ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഇന്ന് പഞ്ചാബ് കിംഗ്സിനെ നേരിടും.
**Royal Challengers Bangalore to Face Punjab Kings in IPL First Qualifier Today.**

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PM SIKKIM ( INTRO)**

*ദരിദ്രർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നീ നാലു തൂണുകളാണ് വികസിത ഭാരതത്തിന്റെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗാങ്ടോക്കിൽ സംഘടിപ്പിച്ച, സിക്കിമിന്റെ 50-ാം സംസ്ഥാന രൂപീകരണ ആഘോഷ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം എന്ന ആശയത്തിന് ഊന്നൽ നൽകിയാണ് കേന്ദ്രസർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു.*

*( വോയിസ്....)*

*സിക്കിമിന്റെ പുരോഗതിയിലും വിജയത്തിലും രാജ്യം അഭിമാനിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. സിക്കിമിൽ നിന്നുള്ള ജൈവ ഉൽപന്ന കയറ്റുമതിയെ ശ്രീ മോദി പ്രശംസിച്ചു. വടക്കുകിഴക്കൻ മേഖലയെ വികസനത്തിന്റെ പാതയിലേക്ക് കൊണ്ടുവരാൻ കേന്ദ്രസർക്കാരിന് കഴിഞ്ഞതായും അദ്ദേഹം കൂട്ടിച്ചേർത്തു. 750 കോടി രൂപ ചെലവിൽ 500 കിടക്കകളുള്ള ജില്ലാ ആശുപത്രി ഉൾപ്പെടെ വിവിധ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.*

$$$$$$$$$$$$$$$$$$$$$$$$$$$$$$

**PM STATE VISIT**

നാലു സംസ്ഥാനങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനം പുരോഗമിക്കുന്നു. ഉച്ചക്ക് ശേഷം പ്രധാനമന്ത്രി പശ്ചിമ ബംഗാളിൽ അലിപുർദ്വാർ, കൂച്ച് ബെഹാർ ജില്ലകളിലെ സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ ശിലാ സ്ഥാപനം നിർവഹിക്കും. തുടർന്ന് വൈകുന്നേരം ബിഹാറിൽ, പട്ന വിമാനത്താവളത്തിന്റെ പുതുതായി നിർമിച്ച പാസഞ്ചർ ടെർമിനൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. നാളെ ബിഹാറിലെ കാരാകാട്ടിൽ 48,520 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും അദ്ദേഹം നിർവഹിക്കും. നാളെ ഉച്ചക്ക് ശേഷം ഉത്തർപ്രദേശിലെ കാൺപൂർ നഗറിലും ഏകദേശം 20,900 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

## PREZ- LITERARY CONFERENCE

രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിൽ നടക്കുന്ന സാഹിത്യ സമ്മേളനം ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. കവിസമ്മേളനം, ഇന്ത്യയിലെ സ്ത്രീവാദ സാഹിത്യം, ആഗോള തലത്തിൽ ഇന്ത്യൻ സാഹിത്യത്തിന്റെ പുതിയ ദിശകൾ എന്നിവയുൾപ്പെടെ വിവിധ പരിപാടികൾക്ക് രണ്ടു ദിവസത്തെ സമ്മേളനം വേദിയാകും. കേന്ദ്ര സാഹിത്യ അക്കാദമിയുമായി സഹകരിച്ചാണ് രാഷ്ട്രപതി ഭവൻ സാഹിത്യ സമ്മേളനത്തിന് ആതിഥ്യം വഹിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ALL PARTY DELEGATION

തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന പാകിസ്ഥാന്റെ നയം ലോകത്തിനു മുന്നിൽ തുറന്നു കാട്ടുന്നതിനായി നിയോഗിച്ച സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ പര്യടനം വിജയകരമായി തുടരുന്നു. കോൺഗ്രസ് എംപി ശശി തരൂർ നയിക്കുന്ന സംഘം, പനാമയിലെ ഇന്ത്യൻ എംബസി സംഘടിപ്പിച്ച പരിപാടിയിൽ ഭീകരതക്കെതിരായ ഇന്ത്യയുടെ നിലപാട് വ്യക്തമാക്കി. എൻസിപി എം.പി സുപ്രിയ സുലെയുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം ദക്ഷിണാഫ്രിക്കൻ പാർലമെന്റിൽ സംസാരിച്ചു. ബിജെപി എംപി ബൈജയന്ത് പാണ്ഡെയുടെ നേതൃത്വത്തിലുള്ള മറ്റൊരു സംഘം റിയാദിൽ സൗദി അറേബ്യ വിദേശകാര്യ സഹമന്ത്രിയുമായി സംവദിച്ചു.

റോമിൽ, ബിജെപി എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിലുള്ള സംഘം സെനറ്റിന്റെ വിദേശകാര്യ, പ്രതിരോധ സമിതി പ്രസിഡന്റ് സ്റ്റെഫാനിയ ക്രാക്സിയുമായി കൂടിക്കാഴ്ച നടത്തി. ശിവസേന എംപി ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം സിയറ ലിയോണിലും ജെഡി (യു) എംപി സഞ്ജയ് ഝായും സംഘവും ഇന്തോനേഷ്യയിലും ഡിഎംകെ എംപി കനിമൊഴിയുടെ നേതൃത്വത്തിലുള്ള സംഘം ഗ്രീസിലും സന്ദർശനം നടത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

### RAIN

കേരളത്തിൽ ശക്തമായ കാറ്റും മഴയും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ്. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദം തീവ്ര ന്യുനമർദ്ദമായി ശക്തി പ്രാപിച്ചു. പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. പ്രളയസാധ്യത കണക്കിലെടുത്ത് പത്തനംതിട്ട ജില്ലയിലെ മണിമല നദിയിൽ ഓറഞ്ചും, കോട്ടയം മീനച്ചിൽ, കോഴിക്കോട് കോരപ്പുഴ, പത്തനംതിട്ട അച്ചൻകോവിൽ, വയനാട് കബനി നദികളിൽ മഞ്ഞ ജാഗ്രതയും നൽകിയതിനാൽ തീരത്തുള്ളവർ ജാഗ്രത പാലിക്കുക. പാലക്കാട്, ആളിയാർ ഡാമിന്റെ വൃഷ്ടിപ്രദേശത്തു ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ചിറ്റൂർ പുഴയിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ട്. ബിയ്യം റഗുലേറ്ററിന്റെ രണ്ട് ഷട്ടറുകൾ ഉയർത്തുന്നതിനാൽ പ്രദേശവാസികളും മത്സ്യ ബന്ധനം നടത്തുന്നവരും ശ്രദ്ധിക്കേണ്ടതാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

### IMD RAIN

തമിഴ്നാട്, പുതുച്ചേരി , വടക്കുകിഴക്കൻ മേഖല, കർണാടകയിലെ തീരദേശമേഖല, എന്നിവിടങ്ങളിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. ഒഡീഷ, തെലങ്കാന, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലും മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## <u>VIKASITH SANGALP</u>

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാന് സംസ്ഥാനത്ത് തുടക്കമായി. പത്തനംതിട്ട ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം നിർവഹിച്ചു. കാർഷിക രംഗത്തെ വിദഗ്ധരും ഗവേഷകരും നൂതന സാങ്കേതിക വിദ്യകൾ കർഷകരുമായി പങ്കു വയ്ക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## <u>Vikram Misri</u>

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുടെ യു.എസ് സന്ദർശനം തുടരുന്നു. അമേരിക്കൻ ഡെപ്യൂട്ടി സെക്രട്ടറി സ്റ്റേറ്റ് ക്രിസ് ലാൻഡൗവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇന്ത്യ-യുഎസ് ഉഭയകക്ഷി സഹകരണം കൂടിക്കാഴ്ചയിൽ അവലോകനം ചെയ്തു. ഇന്ത്യ-യുഎസ് സമഗ്ര ആഗോള തന്ത്രപര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയും ഇരുവരും ആവർത്തിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## <u>CII -RAJNATH SINGH (INTRO</u>

***<u>കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി -CII യുടെ വാർഷിക ബിസിനസ് ഉച്ചകോടി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയെ ലോകത്തെ നാലാമത്തെ വലിയ സമ്പദ് വ്യവസ്ഥയാക്കുന്നതിൽ CII വഹിച്ച പങ്കിനെ രാജ്യരക്ഷാമന്ത്രി അഭിനന്ദിച്ചു. ഉത്പാദന മേഖലയുടെയും നവീനാശയങ്ങളുടെയും കേന്ദ്രമാക്കി ഇന്ത്യയെ മാറ്റുക എന്ന ലക്ഷ്യത്തിലൂന്നിയാണ് CII പ്രവർത്തിക്കുന്നതെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.</u>***

*(വോയിസ്)*

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## NILAMPUR BYELECTION

നിലമ്പൂർ ഉപതെരെഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ സജീവമാക്കാനൊരുങ്ങി രാഷ്ട്രീയ കക്ഷികൾ. യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിനെതിരെ പി.വി.അൻവർ എം.എൽ.എ രംഗത്ത് വന്നെങ്കിലും വിട്ടു വീഴ്ച്ച വേണ്ടെന്നാണ് കോൺഗ്രസ് തീരുമാനം. എൽ.ഡി.എഫ് നാളെ സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുമെന്നാണ് സൂചന. അതേസമയം എൻഡിഎയുടെ നിലമ്പൂർ സീറ്റ് ബി.ഡി. ജെ.എസിന് നൽകുമെന്നാണ് വിവരം. ബി.ഡി. ജെ എസ് സംസ്ഥാന കൗൺസിൽ യോഗത്തിന് ശേഷം നാളെ സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

## IPL

ഐ.പി.എൽ ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഇന്ന് പഞ്ചാബ് കിംഗ്സിനെ നേരിടും. ന്യൂ ചണ്ഡിഗഢ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. നാളെ നടക്കുന്ന മത്സരത്തിൽ മൂന്നാം സ്ഥാനത്തിനായി ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

## US-CHINA VISA

ചൈനീസ് വിദ്യാർത്ഥികളുടെ വിസ റദ്ദാക്കുമെന്ന അറിയിപ്പുമായി ട്രംപ് ഭരണകൂടം. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധമുള്ള വിദ്യാർത്ഥികളുടെ വിസ റദ്ദാക്കുമെന്നും വിസ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുമെന്നും സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പറഞ്ഞു. ലോകമെമ്പാടുമുള്ള യുഎസ് എംബസികളോട് വിദ്യാർത്ഥി വിസയ്ക്കുള്ള അഭിമുഖങ്ങൾ നിർത്തിവെക്കാനും കഴിഞ്ഞ ദിവസം നിർദ്ദേശിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**MUSK RESIGN**

ട്രംപ് ഭരണകൂടത്തിലെ കാര്യക്ഷമതാ വകുപ്പിന്റെ മേധാവി സ്ഥാനം ഒഴിയുന്നതായി പ്രഖ്യാപിച്ച് എലോൺ മസ്ക്. തൻറെ കാലാവധി അവസാനിച്ചതായും ഇത്തരമൊരു അവസരം നൽകിയതിന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന് നന്ദി പറയുന്നതായും മസ്ക് അറിയിച്ചു. ട്രംപിനെതിരെ മസ്ക് നടത്തിയ ആദ്യ വിമർശനത്തിന് തൊട്ടുപിന്നാലെയാണ് സ്ഥാനമൊഴിയൽ. ഗവണ്മെന്റിന്റെ പഴ്ച്ചെലവുകൾ നിയന്ത്രിക്കാനായാണ് മസ്കിന്റെ നേതൃത്വത്തിൽ Government Efficiency വകുപ്പ് ആവിഷ്കരിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നഷ്ടം. സെൻസെക്സ് 6 പോയിന്റ് ഇടിഞ്ഞ് 81,210 ലും നിഫ്റ്റി 9 പോയിന്റ് നഷ്ടത്തിൽ 24,743 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 71,160 രൂപയാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**JAISHANKAR- UN PEACEKEEPER**

ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര സമാധാന സേനാ ദിനത്തോടനുബന്ധിച്ച്, യുഎൻ സമാധാന പാലന ദൗത്യങ്ങളിൽ സേവനമനുഷ്ഠിക്കുന്ന സേനാംഗങ്ങളുടെ ത്യാഗത്തെയും ധൈര്യത്തെയും വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ആദരിച്ചു. ആഗോള സമാധാനവും സുരക്ഷയും നിലനിർത്തുന്നതിൽ യുഎൻ സമാധാനപാലകരുടെ പങ്ക് വലുതാണെന്ന് ശ്രീ ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**MAHA-COVID**

മഹാരാഷ്ട്രയിൽ കോവിഡ് കേസുകളിൽ വർദ്ധനവ്. ഇന്നലെ 86 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ജനുവരി മുതൽ ഇതുവരെ മഹാരാഷ്ട്രയിൽ 521 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$

$$$$$$$$$$

$$$$$$$